# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5522 — 02.11.2016 - ൽ മറുപടിയ്ക്ക്

### കയർ മേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ)കയർ മേഖലയുടെ സംരക്ഷണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | എ)കയർ വ്യവസായത്തെ സംരംക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം ( 50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br>6. കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.<br>7. ഉത്പ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.<br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>11. കയർജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു. |

| | |
|---|---|
| | 12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഇതുകൂടാതെ കയർ വ്യവസായത്തേയും, തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുന:സംഘടനാ പദ്ധതി സർക്കാർ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.ആയത് ഇപ്രകാരമാണ്, ആധുനീകരണത്തിനുളള എല്ലാ നിയന്ത്രണങ്ങളും നീക്കി യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കും. കൂടാതെ ചകിരി ഉത്പാദിപ്പിക്കുന്നതിന് പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകും. ഉല്പാദന മേഖലയിലെ പുതിയ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർ ബോർഡ് സബ്സിഡിക്ക് പുറമേ സംസ്ഥാന സർക്കാറിന്റെ അധിക സബ്സിഡിയായി 10% സബ്സിഡി നൽകും. ആലപ്പുഴയിൽ പിവിസി കയർ അവശിഷ്ടങ്ങൾ സംസ്ക്കരിച്ചു ബോർഡുകളാക്കുന്നതിന് സംയുക്ത സംരംഭം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ മലിനജലം ശുദ്ധീകരിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കും. |
| ബി) കയർ തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിനും കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്ര വൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് പുതിയ നയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പു വരുത്തി കയർഫെഡ് സംഭരിയ്ക്കും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പ്പന്നം മുഴുവനും കയർ കോർപ്പറേഷൻ അംഗീകൃത വിലയ്ക്ക് സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരത ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 17 കോടിയിൽ നിന്നും 100 കോടിയായി ഉയർത്തി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനോടകം 27 കോടി രൂപ ഈ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 10.38 കോടി രൂപ കയർഫെഡിനും, 16.62 കോടി രൂപ കയർ കോർപ്പറേഷനും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ